1769

മഞ്ഞക്കിളികൾ

ചങ്ങമ്പുഴ

മഞ്ഞക്കിളികൾ

MUNAVVIRUL ISLAM HIGH SCHOOL
Date.............................
ERNAKULAM.

ഗ്രന്ഥകർത്താ:
ചങ്ങമ്പുഴ കൃഷ്ണപിള്ള, എം.എ.
ഇടപ്പള്ളി.

PUBLISHERS:
THE MANGALODAYAM LTD.,
TRICHUR.

KATTOOKAREN BOOK STALL
BROADWAY, ERNAKULAM.

First Impression in Dhanu 1124] [Copies 1000

All rights reserved by
Mrs. SREEDEVI CHANGAMPUZHA
"Sree Devi Mandiram"
EDAPPALLY.
(N. Travancore)

Price :
Rupee One.

Printed at
The Mangalodayam Press,
Trichur.

കവിതകൾ

KHAIRUL ISLAM HIGH SCHOOL
Date 1648
ERNAKULAM

1. പ്രാർത്ഥന
2. പുഷ്പഗിരി
3. ഏകാഭിലാഷം
4. അരിപ്പിറാവ്
5. ലോകം
6. യോദ്ധാവിന്റെ സ്വപ്നങ്ങൾ
7. മനുഷ്യമനസ്സ്
8. പാതിരാച്ചന്ദ്രൻ
9. പ്രേമസിന്ധു
10. ആരാധകൻ
11. മോഹിനി
12. വഞ്ചകി
13. മരിച്ചിട്ട്
14. അശ്വാശനം
15. മാവിന്റെ മുമ്പിൽ
16. രാഗനൈരാശ്യം
17. അപേക്ഷ
18. സല്ലാസം
19. അജ്ഞാതപ്രണയം
20. എന്റെ പ്രേമം
21. എന്റെ ഹൃദയം
22. കുരുവിക്കുഞ്ഞിനോട്
23. ഹൃദയപുഷ്പം
24. വാർദ്ധക്യം വന്നാൽ
25. അറിയുന്നതെങ്ങനെ?
26. വർഷാഗമം
27. കാട്ടുവാത്തിന്റെ കരച്ചിൽ

28. ഏകാന്തവാപി
29. ഹിമസ്നാനം
30. ശങ്ക തോന്നിടം
31. ഓത്തിരിക്കായ്ക
32. മൈതാനത്തിൽ
33. ഫലിക്കാത്ത ആശ
34. കെട്ടുപിണഞ്ഞ ചിന്തകൾ
35. ശുദ്ധശപഥം
36. ഉഷസ്സിൽ
37. അല്ല
38. വെറുപ്പ്
39. ബകരാരാധനത്താൽ
40. ദ്രവിപ്പു ചിത്തം
41. എന്റെ കൈയുറകൾ
42. ശുചീകരണം
43. ലി ലിൻഗ്
44. ലി ഫ്യൂ-ജെൻ
45. വെള്ളപ്പൊക്കം
46. പുതിയ ധാന്യം
47. മധുരചിത്രങ്ങളിൽ
48. പർവ്വതാരോഹണവേളയിൽ
49. കപ്പലിൽ
50 ഒരു വിലാപം

പ്രാർത്ഥന

മംഗളം 'നിപ്പൺ' സിംഹാ-
സനമേ, ജയിക്ക നീ
ഞങ്ങൾതൻ പുരാതന-
രാഷ്ട്രത്തിൻ നടുത്തൂണേ!

ഇനിയും ചിരകാല-
മിതുപോലല്പംപോലു-
മിടറാ,തിളകാതെ,
വെൽക വെൽക നീ മേന്മേൽ!—

കേവലമിതുമാത്ര-
മാകാവൂ ശേഷിച്ചോരെൻ
ജീവിതത്തിലും, ഹാ, മൽ-
പ്രാർത്ഥന, ഭഗവാനേ!!

—മെയ് ജി മെന്നോ.

പുഷ്പഗിരി

എങ്ങുപോകിലും
പൂവണിച്ചെണ്ടുകൾ
തിങ്ങിനില്പത-
ല്ലാതെ മറെറാന്നുമേ

ലേശമെങ്കിലും
കാണാതിരിക്കുകിൽ
"യോശിനോമല"-
യാണതെന്നോക്കുവിൻ!

—അജ്ഞാതനാമാ.

ഏകാഭിലാഷം

വിഷ്ണുപദത്തിലേയ്ക്കന്തസ്സിലങ്ങനെ
കൃഷ്ണപ്പരുന്തു പറന്നുയരുന്നപോൽ
നിന്ദ്യമാമെന്തിനും മീതെയായ് 'നിപ്പൺ'ൻെറ
വന്ദ്യമഹിമ വിലസട്ടെ മേൽക്കുമേൽ!

എന്നുമേ നൂനമീയാശയൊന്നല്ലാതെ
മന്നിതിൽ ഞങ്ങൾക്കു മററില്ലൊരാഗ്രഹം.

—ഹിറോ ഹിറോ.

അരിപ്പിറാവ്

പാദങ്ങൾ തത്തിപ്പറമ്പിലെങ്ങും
പാറിനടക്കുമരിപ്പിറാവേ!

പാവത്തം തോന്നിപ്പോം മാതിരിയിൽ
പാരം ചടച്ചോരരിപ്പിറാവേ!

ഉള്ളലിയും മാറുഴന്നുപോകും
തള്ളയില്ലാത്തോരരിപ്പിറാവേ!

വാ, വാ, നീയെൻകുഞ്ഞരിപ്പിറാവേ!
വാ, വാ, നീയെൻപൊന്നരിപ്പിറാവേ!

നമ്മൾക്കൊരുമിച്ചിരുന്നിവിടെ
നന്മമധുരമായ്ക്കേളിയാടാം!

—അജ്ഞാതനാമാ.

ലോകം

പ്രേമാരി വാരിക്കോരി-
ച്ചൊരിയുംനേരം, സ്വൈരം
താമസിക്കുവാൻ തക്ക
താവളം, സ്വല്പം നേരം—

അതുതാനീ നാം വാഴു-
മുലകം!—ഞൊടിക്കകം
സ്മിതപൂർവ്വകം ചൊൽവൂ
യാത്ര നാം നമോവാകം!

—യോഗി.

യോദ്ധാവിൻെറ സ്വപ്നങ്ങൾ

ഉഗ്രോഷ്മാവുയൎന്നെരി-
ഞ്ഞുജ്ജ്വലിച്ചീടുമ-
ഗ്രീഷ്മത്തിലെത്തളിർ-
പ്പുൽക്കൊടിച്ചാൎത്തുപോൽ,

വേരററു വീഴുന്നു,
വാടുന്നു, മായുന്നു
പോരാളിവീരൻെറ
പൊന്നിൻകിനാവുകൾ!

നീരിൽ വരച്ച
വരകളായ്ത്തീരുന്നു
പാരിലവനാൎന്ന
പേരും പെരുമയും!!......

—അജ്ഞാതനാമാ.

മനുഷ്യന്റെ മനസ്സ്

അല്ലാ—മാനവനെക്കുറിച്ചു പറയാ-
നാണെങ്കി,ലാക്ഷായിട്ടും
ചൊല്ലീടാൻ, പിഴ പററിടാ,തുലകിലി-
ന്നെന്തന്നവൻതന്മനം?
ചൊല്ലാളുന്ന പുരാതനതപമെഴുമി-
ഗ്രാമത്തിൽ മാററം പെടാ-
തല്ലീ, പെയ്യുവതി,ന്നതേ പരിമളം
പൂവിട്ട തൈച്ചെമ്പകം?

—സ്വരയുക്തി.

പാതിരാച്ചന്ദ്രൻ

പൊങ്ങിവളരും
    പയിൻമരച്ചാർത്തുകൾ
തിങ്ങുമിക്കാടിനു പിന്നിൽ;

പാതിരാപ്പേമാരി
    മുക്കിക്കുളിപ്പിച്ച
പച്ചിലച്ചാർത്തിൻ പഴുതിൽ;

ദൃശ്യമാകുന്നിതിഴഞ്ഞിഴ-
    ഞ്ഞെത്തുന്ന
വശ്യസുധാകരബിംബം!

—അജ്ഞാതനാമാ.

പ്രേമസിന്ധു

'സ്വര'സരിത്തിലെത്തരംഗമാലയി-
ലൊരു വെറും കൊച്ചുകൊതുമ്പുതോണിയിൽ,
അമരം കൈവിട്ട ചകിതനായ്, ത്തനി-
ച്ചതാ ഗമിപ്പിതൊരവശനാവികൻ!
അതുവിധം, കഷ്ടം, പ്രണയസിന്ധുവൊ-
ന്നലയടിച്ചിങ്ങു കിടപ്പിതെന്മുന്നിൽ!
അസീമമാമതിൻ വിശാലതയ്ക്കക-
ത്തമർന്നിടുന്നുണ്ടെന്നഭയസൈകതം.
അറിവതില്ല ഞാനെവിടെയാണതെ-
ന്നരുതെനിയ്ക്കുന്നാലകന്നൊഴിയുവാൻ!
ഗഭീരസാഗരമിതിൻ സ്വഭാവവും
ഗഹനമാമൊന്നുമറിഞ്ഞുകൂട മേ!!... ...

—സോനേ യോഷിമറാഡം.

ആരാധകൻ

മാറിയകല്പവിൻ, മാറിയകല്പവിൻ
മാറിയകല്പവിൻ കൂട്ടുകാരേ!
അഞ്ജലിചെയ്തിടട്ടൊററയ്ക്കിരുന്നു ഞാ-
നന്തിയാവോളമിത്താരകളെ!!

—അജ്ഞാതനാമാ.

മോഹിനി

"കാണ്മൂ ഞാൻ പാട"ത്തിരച്ചാർത്താഴകുന്ന
"കാൺകെ ഞാൻ പൂഞ്ചോല" ലാലസിപ്പൂ!—
ചേണാണ്ടെൻകണ്ണിനാ ലാവണ്യലക്ഷ്മിയെ-
ക്കാണാൻ കഴിയുകില്ലെന്നിരിക്കിൽ,
സന്തതം പിന്നെയവളെക്കൊതിക്കുവ-
തെന്തിനാണയ്യോ, ഞാനിത്രമാത്രം?

—ചുനാഗൻ കനാസൂകെ.

വഞ്ചകി

"വന്നിടാമൊററന്നിമേഷത്തി-
നുള്ളിൽ ഞാൻ!"—
എന്നവൾ ചൊന്നതു മൂലം;
ഒററയ്ക്കൊരുനീണ്ട
മാസം മുഴുവനും
മുററത്തു കാത്തു ഞാൻ നിന്നു!—
കാലത്തു നേരത്തു
ചന്ദ്രനുദിക്കുന്ന
കാലംവരെക്കാത്തു നിന്നു!!—

—സോമ്പേയ് ഘോഷ്.

മരിച്ചിട്ട്

അവസാനയാത്രയെൻ ഭവനത്തോ-
ടോതി ഞാ-
നവനിയിൽനിന്നും മറഞ്ഞാൽ—
മരണാസിതാംബരം മറയിട്ട
മജ്ജഡം
മണലിലടിഞ്ഞു കഴിഞ്ഞാൽ—
തിരികൊളുത്താൻപോലുമാളില്ലാ-
തെൻഗൃഹം
തിമിരത്തിലാണ്ടു കിടന്നാൽ—
പനയോലമേഞ്ഞൊരെൻ നിലയത്തിൻ-
നികടത്തിൽ
പരിലസിക്കുന്ന തൈമാവേ,
മധുമാസമണയുമ്പോൾ മണൽമററ-
ത്തൊരുനാളും
മലരിടാൻ നീ മറക്കൊല്ലേ!!......

—സുഗാവര മിച്ചിസാനെ.

ഫന്ന

അശ്വാശനം

ആ മലയിൽപ്പുല്ലുചെത്തി
നിന്നിടുന്ന ബാലാ
അരുതു ചെത്തരുതവിടെ നി-
ന്നേവ,മവിടെ നിൽക്കുമപ്പുൽകൾ.
ഹൃദ്രമണനെൻ ജീവനാഥ-
നദ്രസമിങ്ങെത്തും:
ഭദ്രമദ്രിയിലെതൃണാവലി
മുററിനിൽക്കണമെങ്ങും.
നീളെ നീളെക്കൺകുളിക്കെ
നിൽക്കണമതെങ്ങും
നിജനിരുപമതുരഗകത്തിനൊ-
രമൃതഭക്ഷണമാകാൻ!

—കോക്കിനോമോട്ടോ
നോ ഹിറേറുമാറോ.

മാവിന്റെ മുമ്പിൽ

നിയതമവിടത്തിലാ-
ക്കൽപ്പുരച്ചാർത്തിന്റെ
നികടഭുവി നിൽക്കുന്ന
തുംഗമാകന്ദമേ,
കുസുമിതസുശീർഷസു-
സ്മേരനാം നിൻനേർക്കു
കുതുകഭരമോടു ഞാൻ
നോക്കുന്ന വേളയിൽ
മനസി മമ തോന്നുന്നു,
ഹാ, വൃദ്ധികന്മാരെ
മഹിയിൽ, മമ മുന്നിൽ ഞാൻ
കാണുന്ന മാതിരി!

—ഹാ കുത്സം.

രാഗനൈരാശ്യം

ഭൂതലത്തിങ്കലെൻ വാഴ്ചതൊട്ടിന്നിമേൽ
ജാതരാം മർത്ത്യരിലാർക്കുമാർക്കും,
പെൺകൊടിമാരെയിണക്കി, യനുരാഗ-
മങ്കുരിപ്പിക്കുവാനുള്ള മാർഗ്ഗം,
ഞാനാശ്രയിച്ചമട്ടുള്ളൊന്നൊരിക്കലും
പൂണുവാൻ ദുർവ്വിധി കൈവരൊല്ലേ!

—കോക്കിനോമോട്ടോ
നോ ഹിറോമാറോ.

അപേക്ഷ

പൂപോലെയത്രയ്ക്കു നനുത്തതാണെൻ
സഹോദരൻ മെയ്യിലണിഞ്ഞ വസ്ത്രം
വീടെത്തിടട്ടൊന്നവ്യനാകയാൽ നീ
വീശായ്ക കാറ്റേ ബഹുശക്തിയായി!

—സകാനോ യേ പ്രഭചി.

സല്ലാപം

'ഇനാമി' മൈതാനതലത്തിൽ മുറ്റും
വനാളി വെള്ളിപ്പുഴയ ങ്കൽ മുക്കി,
അനല്പഭ സ്സാന്ദ്ര സുധാംശു വിണ്ണി-
ലണഞ്ഞൊരീ രാത്രിയിലാത്തമോദം;

പരസ്പരം പ്രേമരസം പകർന്നും
പരശ്ശതം നമ്മ വചസ്സു ചൊന്നും,
പുരസ്കൃതത്തിങ്ങനെ കൂട്ടുകല്ലീ
വരാംഗി, രാഗാർദ്രഹൃദന്തർ നമ്മൾ?......

—അജ്ഞാതനാമാ.

അജ്ഞാതപ്രണയം

ഊഷ്മാവുയർന്നുയർന്നൊന്നുമുലാവുമ-
ഗ്രീഷ്മപ്രതപ്തമാം മൈതാനഭൂമിയിൽ,
വല്ലിപ്പടപ്പുകൾക്കുള്ളിൽ വളരുമ-
ച്ചെല്ലുക്കുളിർച്ചെങ്ങഴിനീർമലരുപോൽ,
അത്രയ്ക്കനുശോച്യമാമൊരു വസ്തുവാ-
ണജ്ഞാതമാകും പ്രണയമെന്നോർക്കുവിൻ!

— സകാനോ യേ പ്രഭ-ി.

ദൂരെ,പ്പരിഷ്കാരം തൊട്ടുതേച്ചിട്ടില്ലാ-
ത്തീരാജ്യത്തേവം, കടൽക്കരയിൽ,
മുക്കുവന്മാർതൻ വലക്കയർക്കെട്ടുകൾ
മുക്കിയലമ്പിത്തെരുത്തുകെട്ടി,
ഏകനായ്ക്കാലം കഴിക്കുവാൻ യോഗമു-
ണ്ടാകുമെന്നയ്യോ ഞാനോർത്തിരുന്നോ?

—ഓനോ നോ തക്കാമൂരാ.

എന്റെ പ്രേമം

ദുർഗ്ഗമാദ്രിയിൽ ഗൂഢമായ്നില്ക്കും
ശഷ്പരാശിപോലാണു മൽപ്രേമം
എത്ര മുററിത്തഴച്ചുയർന്നാലെ
ന്തിത്തിരിയുമറിയുകില്ലാരും!

—ഓനോ നോ യോഷിഭി.

എൻെറ ഹൃദയം

"എത്ര സുന്ദരനപ്പുമാ!"നീവിധ-
മുദ്രസം ചിന്തചെയ്യുമെൻ മാനസം,

ആഞ്ഞു മുന്നോട്ടിരച്ചാർത്തതിദ്രുതം
പാഞ്ഞുപോകുമൊരു നദിപോലെയാം;

എത്രയെത്ര ചിറകെട്ടു തീർക്കിലെ-
ന്തൊക്കെയും തച്ചുടച്ചു മുന്നോട്ടു പോം!

— സകാനോ യേ പ്രഭപി.

കുരുവിക്കുഞ്ഞിനോട്

കലിതരസം പാറി-
പ്പറന്നു വന്നെൻ
മലരുകളിൽത്തത്തുന്നൊ-
രീച്ചകളേ,
അയി, കുരുവിക്കുഞ്ഞേ, നീ-
മത്സുഹൃത്തെ
ദയവിയലു്കിങ്ങനെ
തിന്നരുതേ!

— ബാഷോ.

ഹൃദയപുഷ്പം

പുറമേ നോക്കുകിൽ ചിഹ്ന-
മൊരു ലേശവുമെന്നിയേ
കരിയും വസ്തുവീ മന്നിൽ
നരൻതൻ ചിത്തപുഷ്പമാം!

—ഓനോ നോ യോമാച്ചി.

വാർദ്ധക്യം വന്നാൽ

കേൾക്കണം പരുന്നുണ്ടു
        വാർദ്ധക്യമെ,ന്നെന്നാലൊ-
രാൾക്കുടൻ മുറിവാതിൽ
        ഭദ്രമായ്ത്തട്ടിപ്പൂട്ടി,

ഇരിക്കാ,മന്വേഷിച്ചാൽ
        വീട്ടിലില്ലിപ്പോഴെന്നാ-
യുരയ്ക്കാ,മേവം കാണാ-
        തിരിക്കാ,മെല്ലാമൊക്കും!

—അജ്ഞാതനാമാ.

പഴയൊരപ്പടനിലമഴകിൽവീണ്ടും
പലപ്പൂക്കൾ വസന്തത്തിലണഞ്ഞു നിൽപ്പൂ.

ഇരുപതിനായിരം രണകുശലർ
നിരുപമപരാക്രമമിയന്ന യോധർ,

ഒരുമിച്ചന്നോമനിച്ച മധുരസ്വപ്നം
ശരി,യത്തു മുഴുവനും മണ്ണടിഞ്ഞു.

അവരിന്നില്ലവരുടെ കിനാവിലല്ല-
മവശേഷിച്ചിരിപ്പതീപ്പൂക്കൾമാത്രം!

—ബാഷോ.

അറിയുന്നതെങ്ങനെ?

കേൾക്കാൻ കൊതിച്ചുപോംമട്ടിൽ—ഏവം
രാപ്പാടി പാടുതിരിക്കൽ,

പെയ്തലറു മഞ്ഞുരുകാതെ—നിൽക്കും
ശൈലാവകീർണ്ണമീഗ്രാമം,

എമ്മട്ടറിയും വസന്തം—ഇങ്ങു
വന്നുല്ലസിക്കുമുടന്തം?

—നകാത്സുകാസ.

വർഷാഗമം

'സ്വാതന്ത്ര്യത്തിൽത്തഴച്ചുവി-രിച്ച
കോരപ്പുല്ലുകൾ പുറമെല്ലാം മറച്ചു,
ചെലിയന്നതിൻ ചാത്തിൽ മറഞ്ഞു
ലാലസിക്കുമെൻ വീടിതിൽവോലും,

ഇന്നൊട്ടുവി,ലിതാ, പിഴയെന്യേ
വന്നുചേർന്നു കൊടും ശീതകാലം!

—മിനാ മോട്ടോ നോ ഷിഗേയുകി.

അതിലേ പോകുംനേര-
        ത്തെൻപ്രതിബിംബം നോക്കി-
യവിടെ,ക്കണ്ണാടിതൻമുന്നിൽ
        ഞാൻ നിന്നേനല്പം.

ഹാ, കഷ്ടം! പരിചയ-
        മില്ലല്ലോ വയോധിക-
നേകനാ,ണൊരു മർത്ത്യൻ
        തോന്നിപ്പോയെനിക്കേവം!

—കോക്കിനോ് മോട്ടോ
നോ ഹിറോറാ മാരോ.

കാട്ടുവാതത്തിന്റെ കരച്ചിൽ

അവിടെയുദധിയിങ്കൽച്ചെന്നുപററാനസംഖ്യം
ലവണസരണിയിങ്കൽക്കൂടിയെൻ തോണി പോകെ,
ചെവികളിലണയുന്നൂ നേൎത്തുനേൎത്താദ്യമായി-
ട്ടവിടമധിവസിക്കും കാട്ടുവാതത്തിൻ വിലാപം.

—സായ്ഗ്യോ ഹോഷി.

ഏകാന്തവാപി

ലോകാരംഭംമുതൽശ്ശാന്തമായെന്നൊരു പാ-
ലേകാന്തവാപിയൊന്നുല്ലസിപ്പൂ.
ഇല്ലൊരനക്കവുമൊച്ചയും—യാതൊന്നു-
മില്ല. ഉറക്കമാം ഭദ്രമായി!

മന്ദമിടയ്ക്കൊരിളക്കമെത്താ, കൊച്ചു-
മണ്ഡൂകമൊന്നതിൽ ചാടിവീണു.

—ബാഷോ.

ഹിമസ്നാനം

ഏമ്പൊന്നരജത്തിക്കായ് മുകൾക്കൊമ്പിലെ-
ച്ചെമ്പകപ്പൂക്കൾ പറിച്ചെടുക്കേ,

താഴത്തെച്ചില്ലകൾ ചാഞ്ഞുലഞ്ഞതങ്ങനെ
വീഴുന്ന മഞ്ഞുനീർത്തുള്ളികളാൽ,

മുങ്ങിക്കുളിച്ചിതടിമുടി, ഞാൻ, തണു-
ത്തംഗങ്ങളെല്ലാം വിറച്ചുനൽപ്പൂ!

—കോക്കിനോ മോട്ടോ
നോഹിറോറാ മാരോ.

ശങ്ക തോന്നിടാ

ചീകീടേ മോദപൂർവ്വം നീ
ത്തുകും നാദം ശ്രവിക്കവേ,
ചാകും നീയുടനെന്നാർക്കും
ലോകത്തിൽ ശങ്ക തോന്നിടാ.

—ബാഷോ.

എന്റെ കൌശലം

അല്ലിൽപ്പടിപ്പുരവാതിൽക്കലെത്തുവാൻ
വല്ലതും സൂത്രമൊന്നൊന്തെടുപ്പൂ?

"ചേലിൽ മുളകളാൽ മുററത്തു നിർമ്മിച്ച
വേലി ഞാൻ ചെന്നൊന്നു നോക്കിടട്ടേ!"

ഏവം കഥിച്ചെഴുന്നേററു ഞാനങ്കണ-
ഭൂവിലേയ്ക്കേകയായാഗമിച്ചു.

ഞാനേവം തന്ത്രം പ്രയോഗിച്ചതെന്നാലെൻ
പ്രാണേശനെക്കാണാനായിരുന്നു!

—യാക്കോമോച്ചി.

പ്രഭാതത്തിൽ

മധുരതരസ്വപ്നശതത്തിൽനിന്നും
മണിനിനദമെന്നെ വിളിച്ചുണർത്തി,
അതിനൊടിടചേർന്നു ഞാൻ പത്തു വട്ട-
മഖിലേശനാമം സ്തുതിച്ചു ചൊല്ലി!

—സായ്ഗ്യോ—ഹോഷി.

അനുഭവം

ഇലപൊഴിയും കാലത്തി-
ലെമ്മട്ടിലൊററയ്ക്കാ
മല കയറാനൊക്കും
നിനക്കു?—ചൊല്ലൂ!

കരളിനമന്നിരുവർനാ-
മൊരുമിച്ചു പോയിട്ടും
പെരുത്തു പണിയെന്നു
നാം കണ്ടതല്ലേ?

—ഖായ്ഫാക്ക രാജകുമാരി.

പുകച്ചുരുളുകൾ

"നാവാ"തീരേ ലവണഘേനാധ്മാന-
    കുണ്ഡങ്ങൾ ചിന്നി-
ത്താവും ധൂമച്ചുരുളുകളുയർന്നന്ത്യ-
    സന്ധ്യാഗമത്തിൽ,
ആവുംമട്ടിൽത്തൂന്നികലുമിഴഞ്ഞപ്പു-
    റം ചെന്നുപററാ-
നാവാതങ്ങിങ്ങുഴറിയഴകാന്ദ്രി-
    യിൽത്തങ്ങിനിൽപ്പൂ!

—ഹിയോകിനോ കോ—ഓകകിമ.

ഓർത്തിരിക്കാതെ

പഥികർ നടന്നു കടന്നുപോകും
പരിചിയലുന്നോരക്കാഴ്ച കാണാൻ
വഴിവക്കിൽ നിൽക്കും കറുകവല്ലി
വഴിയും രസത്തോടൊന്നെത്തിനോക്കി.

കഴിവെ,ന്തതിലേ കടന്നുപോയ
കഴുതയതിനെ വയററിലാക്കി.

—ബാഷോ.

മൈതാനത്തിൽ

കാൻസുഗാമൈതാനഭൂവിലുയർന്നതാ
കാണുന്നു നീളെപ്പുകച്ചുരുൾച്ചാർത്തുകൾ,
ശ്രീലചൈത്രാങ്കിതമൈതാനവീഥിയിൽ-
ച്ചേലിൽപ്പൊടിച്ച ഹരിതകത്തയ്യുകൾ,
ഇല്ല മേ സംശയം, നാരിമാർ പോയ്പ്പറി-
ച്ചെല്ലാമെടുത്തു പചിക്കുകയാകണം!

—കോക്കിനോ മോട്ടോ
നോ ഹിറോറാ മാറോ.

ഫലിക്കാത്ത ആശ

കൊണ്ടാടി നമ്മളൊരുമിച്ചൊരു പൊൻകിനാവിൽ
കണ്ടെത്തുമെന്നു കരളിൽ കൊതിയാർന്ന മൂലം,
ഇണ്ടൽപ്പെടാനുമിടയായിത്തുറക്കമെന്നോ-
നുണ്ടായിടാതെ നിശ ഞാൻ, സഖി, തള്ളിനീക്കി!

— അജ്ഞാതനാമാ.

കെട്ടുപിണഞ്ഞ ചിന്തകൾ

മന്നിങ്കലാ നിർമ്മലരാഗമെന്നും
നിന്നീടുമെന്നെങ്ങനെ നിശ്ചയിക്കാം?
ഒന്നായ്പ്പിണഞ്ഞെൻ മുടിപോലെയിന്നു
ചിന്നിക്കിടപ്പൂ, മമ ചിന്തയെല്ലാം!

—ഹോറിക്കാവാ പ്രഭചി.

ശുദ്ധശപഥം

ഈ വിശപം വേണ്ടെനിക്കീനിമേഷത്തിലെൻ
ജീവിതനൂലിഴ പൊട്ടിയെങ്കിൽ!—
എൻകരൾക്കാമ്പിൻ നിശുദ്ധശപഥമൊ-
ന്നെങ്കി,ലനുരക്തമായ് മേവിയേനേ!

— ശോകര രാജകുമാരി.

ഉഷസ്സിൽ

കതിർനിരകളങ്ങനെ പാകിപ്പാകി-
ക്കനകലസൽക്കാല്യമണഞ്ഞിടുമ്പോൾ,
തുകിലണിവാനന്യോന്യം നമ്മൾ ചെയ്യും
തുണയതഹോ, ചിന്തിക്കിലെത്ര കഷ്ടം!

—അജ്ഞാതനാമാ.

അല്ല

യാഥാൎത്ഥ്യമൊന്നും യഥാൎത്ഥമല്ലെന്നുള്ള
ബോധമെനിക്കു ശരിക്കുമുണ്ടാകയാൽ,
സ്വപ്നങ്ങൾ പിന്നെയൊന്നെമ്മട്ടതേവിധം
സ്വപ്നങ്ങളാണെന്നു സമ്മതിക്കുന്നു ഞാൻ?

—സായ്ഗ്യോ ഫോഷി.

വെറുപ്പ്

പകൽ വേഗം പോകു-
മറിയാമെനിക്കുടൻ
പകരമാ നിശ വീണ്ടും
വന്നുചേരും... ...

എന്നാലുമെത്ര വെറു-
ക്കുന്നു പോകുവാ-
നെന്നോടടുത്തീട്ട-
മുഷസ്സിനെ ഞാൻ!

—ഫ്യൂജിവാരാനോ മിച്ചിനോബു.

ബകരോദനത്താൽ

ചേറാളും വയലിൻ വരമ്പിൽ നിയതം
ധ്യാനത്തിൽ നിർമ്മഗ്നനാ-
യാരാൽക്കണ്ണുമടച്ചിരുന്നിടുവൊരാ-
ക്കൊക്കൊന്നു കേണിടവേ;
പാരം ഭീതിയിൽ മറ്റു പക്ഷികളഹോ
ഞെട്ടിത്തെറിച്ചാ,ക്കെയും
തീരെത്താന്തതയാർന്ന മട്ടു നിതരാം
വർഷിപ്പൂ ദീനസ്വനം!

—അജ്ഞാതനാമാ.

ദ്രവിപ്പു ചിത്തം

അസ്സ്വൈരഭാർദ്രമാം ചെമ്പകച്ചോട്ടിലെ-
ന്നുത്സവം ഞങ്ങളന്നാസ്വദിച്ചു!
ആ മധുരസ്മൃതിയോരോന്നണഞ്ഞു മൽ-
പ്രേമാർദ്രചിത്തം ത്രസിച്ചുനിൽക്കേ;
അച്ചെമ്പകത്തോടു ചോദിച്ചുപോയി ഞാ-
നച്ചാരുഗാത്രിതൻ വർത്തമാനം!
കാണുന്നതെന്തു ഞാൻ?...ഹാ, കഷ്ടം, വാസന്ത-
ശീതേന്ദുബിംബം......ദ്രവിപ്പൂ ചിത്തം!

—ഫ്യൂജിവാര ഇൗയ് താക്കാ.

എന്റെ കൈയുറകൾ

ആരും കണ്ടെത്തിടാതാരുമറിഞ്ഞിടാ-
താരാലാ വാരാശിതൻപരപ്പിൽ,
കേവലം ശാന്തമായ് വേലിയേററം വിട്ടു
മേവുമ്പോൾപോലും ജലാന്തരത്തിൽ
താണുകിടക്കുമൊരു കൊട്ടുംകാററുപോ-
ലാണു ഞാൻ ചാർത്തുമെൻ കൈയുറകൾ.

ഒററ നിമേഷത്തിലെങ്കിലും, ഹാ, ജലം
വററിയതൊട്ടുമുണങ്ങുകില്ല!

—സാനുകി പ്രഭചി.

ശുചീകരണം

ആവതും വേഗം തുടച്ച്യായി-
ട്ടാപതിക്കും ഹിമധാരകളേ,
ഹാ, ശുചിയാക്കിടട്ടത്രയേറെ-
ക്ലേശം പുരണ്ടൊരിജ്ജീവിതം ഞാൻ!

—ബാഷോ.

ലി ലിൻഗ്

പതിനായിരം കാതം മണൽക്കാടു താണ്ടി-
പ്പതറാതെ, തളരാതെയിവിടെ ഞാനെത്തി!
പരിചിലെൻതമ്പുരാനെ ജയമാല ചാർത്തി-
പ്പലഹൂണപ്പരിഷയെപ്പുറപ്പിക്കാൻവേണ്ടി!
വഴിയില്ല പോകാനിനിച്ചൊരി മണ്ണുമററി
വഴിത്താര മുഴവനും വഷളായിപ്പോയി!
ഒരുപോലെന്നമ്പും വാളും നുറുനുറുങ്ങായി
വിരവിലെൻ സേനകളും വീടുകളിൽ പററി!
ഞാനില്ല വരുന്നില്ലെൻ ഖ്യാതിയൊക്കെപ്പോയി
ഞാനില്ല വരുന്നില്ലെൻ ഖ്യാതിയൊക്കെപ്പോയി!

* * * *

എന്നമ്മ മരിച്ചിട്ടിന്നേറെ നാളായി
ഇന്നെൻെറ വീട്ടിലോ ഞാനേകനായി
എന്നോമൽത്തമ്പുരാനൊരാശ്വാസമേകാൻ
ചെന്നാലൊക്കമെന്നോക്ക്ക്കൊതിയുണ്ടു പോകാൻ
എന്നാലെമ്മട്ടിലൊന്നു പോകുവാൻ കഴിയും
എന്നെന്നുമിനിത്തനിച്ചിവിടെ ഞാൻ കഴിയും!

[ലി ലിൻഗ്, സുവു—ഇവർ രണ്ടുപേരും ഹൂണന്മാരുടെ രാജ്യത്തിൽ തടവുകാരായിക്കിടക്കുകയായിരുന്നു. പത്തൊമ്പതു കൊല്ലത്തിനുശേഷം സുവു വിമുക്തനായി. ലി ലിൻഗ് അയാളോടൊന്നിച്ചു തിരിച്ചുപോവുകയില്ല. അങ്ങിനെ ചെയ്യുവാൻ ക്ഷണിച്ചപ്പോൾ അയാൾ എഴുന്നേററു നൃത്തംവെച്ചുകൊണ്ടു് ഇങ്ങനെ പാടി.]

ലി ഫ്യൂ-ജെൻ

കഷ്ടം, നിലച്ചുകഴിഞ്ഞിതെന്നോമലിൻ
പട്ടാംബരസ്വരചഞ്ചലവീചികൾ!
അച്ഛസ്ഫടികശിലാനിർമ്മിതോജ്ജ്വല-
സ്വച്ഛവരാന്തയിൽ മൂറുന്നു ധൂളികൾ
നിശ്ചലമായിത്തണുത്തുപോയ്ത്തന്വിതൻ
നിശ്ശൂന്യമായ്ത്തീർന്ന പൂമച്ചഖിലവും!
വാതിൽക്കലൊക്കെയും കുന്നുകൂടീടുന്നു
വാടിക്കൊഴിഞ്ഞോരുണക്കിലച്ചാർത്തുകൾ!
പ്രേമാത്മകാശാവശനായനാരത-
മാ മനോജ്ഞാംഗിയെ ധ്യാനിച്ചുകൊണ്ടിദം,
കേണു വാഴുന്ന ഞാൻ ശാന്തിയിലെമ്മട്ടി-
ലാനയിച്ചീടുമെൻ സന്തപ്തമാനസം?

[മേൽപ്രസ്താവിച്ച കവിത, തന്റെ പ്രിയതമയായ ലി ഫ്യൂ-ജെൻ മരിച്ചപ്പോൾ വൂ-ടി എഴുതിയിട്ടുള്ളതാണ്. സങ്കടം സഹിക്കാൻ സാധിക്കാതെ അദ്ദേഹം ചൈനയിലെല്ലായിടങ്ങളിലുമുള്ള വിദ്വാന്മാ

രെ (Wizards) ആളയച്ചു വരുത്തി. മരിച്ചുപോയ പത്നിയുടെ ആത്മാവുമായി ഇടപെടാൻ സാധിക്കണമെന്ന് അവർ തന്നെ ആക്കിത്തീക്കണമെന്നായിരുന്നു അദ്ദേഹത്തിൻെറ ആശ. ഒടുവിൽ അവരിലൊരാൾ രാജ്ഞിയുടെ രൂപം ഒരു യവനികയിന്മേൽ ഉയന്നുനിൽക്കുമാറ് നിമ്മിച്ചുകൊടുത്തു. ചക്രവത്തി ഇങ്ങനെ വിലപിച്ചു]

സുദ്രസം മുന്നിൽ വന്നുനിൽക്കും നീ
സത്യമോ, വെറും മിത്ഥ്യയോ?
നിന്മുന്നിലേവമെമ്മട്ടാകിലും
നിന്നെയും നോക്കി നിൽപ്പു ഞാൻ!
ലോലമാമൊരു പട്ടുസാരിതൻ
ചാലനസ്പന്ദവീചികൾ
വന്നണയുന്നു മന്ദമന്ദമെൻ
കണ്ണുയുഗ്മത്തിലോമലേ!
എത്രയെത്ര പതുക്കെയാണു നീ-
യെത്തിടുന്നതെന്നോമനേ!

വെള്ളപ്പൊക്കം

ചുററിച്ചുരുണ്ടുരുണ്ടു കോടക്കാർ മുററിമുററി-
പ്പുറെറ നിലച്ച മഴയിററിയിററി!
മുററുമഷ്ടാശകളും മേൽക്കുമേൽ മഞ്ഞിമഞ്ഞി-
ക്കുററാക്കുററിരുട്ടെങ്ങും തിങ്ങി വിങ്ങി!

ഒപ്പനിരപ്പിയന്ന ഭൂമിക,ളിരച്ചാർത്തു
തപ്പിപ്പുളഞ്ഞൊഴുകും വൻപുഴയും!—
മുന്തിരിച്ചാറുണ്ടെ,നിക്കെന്മുന്നിൽ പതഞ്ഞന-
ന്മുന്തിരിച്ചാറുണ്ടെനിക്കെൻെറ മുന്നിൽ!

മന്ദിരത്തിൻ കിഴക്കേ ജാലകസമീപത്തിൽ
മന്ദിതചേഷ്ടനായി കുടിച്ചിരിപ്പൂ.
അത്യന്തം കൊതിപൂണ്ടെൻതോഴരെക്കുറിച്ചു ഞാൻ
സദ്രസമോരോന്നോർത്തു സമുല്ലസിപ്പൂ!
എങ്കിലും, വരുന്നീലാ വഞ്ചിയോ, വണ്ടിയോ, ഞാ-
നെൻകിളിവാതിലിങ്കൽ തനിച്ചിരിപ്പൂ!

—താ വോ ച്ചിൻ.

പുതിയ ധാന്യം

തിരിയെ വിളിക്കാൻ തരപ്പെടാതെ
തെരുതെരെപ്പായുന്നു വത്സരങ്ങൾ!
അനുപമരമ്യമാമീയുഷസ്സി-
ലനഘപ്രശാന്തമീ നിശ്ചലതം
മമ മെയ്യിലിന്നിളം ചൂടു ചേർക്കും
ഹിമകാലവസ്ത്രം ധരിച്ചശേഷം
തനിയെ സന്ദർശിക്കുമക്കിഴക്കൻ
തണുവണിക്കുന്നിൻ ചെരിവുകളിൽ
അലയുന്നതുണ്ടൊരു മൂടൽമഞ്ഞാ
മലയോരപ്പൂഞ്ചോലയിങ്കലെങ്ങും.
ഒരു മാത്രമാത്രമതുല്ലസിപ്പൂ
മറയുന്നു പിന്നത്തെ മാത്രയിങ്കൽ
അണയുന്നു തെക്കുനിന്നാടിയാടി-
ത്തണുവുററതാമൊരു മന്ദവാതം.
പുണരുകയാണതു മന്ദമന്ദം
പുതുധാന്യം പൂത്ത വയലുകളെ!

—താവോ ച്ചിൻ:

മധുരചിത്രങ്ങളിൽ

കർക്കടകമാസത്തിൽ തളിരിട്ടടിമുടി
പൊക്കത്തിൽ വളരുന്നു പുൽക്കൊടികൾ
ഇലമുററിത്തളിർമുററിത്തരുനിരച്ചില്ലക-
ളിളകുന്നെൻ ചെറുവീട്ടിൻ ചുററുപാടും
ഒരു കൊച്ചുകിളിപോലുമതുമേവും സ്ഥാനത്തിൽ
മരുവുന്നീലതിമോദമാർന്നിടാതെ.
അതുപോലിങ്ങിത ഞാനും പനയോലമേഞ്ഞൊ
സദനത്തെ സ്നേഹിപ്പൂ സാനുമോദം. (രെൻ
ഉഴകിക്കഴിഞ്ഞു ഞാൻ വിതയുംകഴിച്ചു ഞാ-
നൊഴിവുണ്ടെനിക്കിനിയേറെനേരം—
ഇവിടെയിരുന്നോരോ പുസ്തകം വായിക്കാ-
നിനിയെനിക്കവസരമുണ്ടധികം.
അവിടെയിടുങ്ങിയോരാനടവഴിയിലി-
ല്ലവഗാഹമാളുന്ന കുഴികളൊന്നും.
തിരിയെ മടങ്ങുന്ന പലപൊഴുതുമാവഴി
പരിചിലെൻ തോഴർതൻ വാഹനങ്ങൾ.

ഹിമപാതകാലത്തെ മുന്തിരിച്ചാറു ഞാ-
നമിതോത്സവത്തിൽ പകർന്നൊഴിച്ചു!
മതിമോദത്തൊടു ഞാനെൻതോട്ടത്തിൽവളരുന്ന
'ലതയ്യൂസ്'പ്പഴമേറെപ്പിഴുതെടുത്തു!
പരിചിൽപ്പതുങ്ങിപ്പതുങ്ങിക്കിഴക്കുനി-
ന്നൊരുകൊച്ചുപൊടിമഴയാഗമിച്ചു.
പരിചരണോത്സുകയാകുമതിനെയതിമധുരമാ-
മൊരുകുളിർത്തെന്നലനുഗമിച്ചു.

സദ്രസം 'ചൗരാജ്'കഥതൻ തിരകളിൽ
തത്തുന്നെൻ ചിന്തകളലസമായി,
മലകൾതൻ കടൽകൾതൻ മധുരചിത്രങ്ങളി-
ലലകയാണലകയാണെൻമിഴികൾ!

ഒരു വെറും നോട്ടത്തിൽ കാണ്മു ഞാൻ നേരിട്ടു
വിരവിലീ വിശ്വത്തെയാകമാനം.

ഒരുനാളും ഭാഗ്യവാനല്ലേവം കുതുകങ്ങൾ
പരിതൃപ്തിയുൾത്താരിലേകിടാത്തോർ!

പർവ്വതാരോഹണവേളയിൽ

നീലവിണ്ണമ്മവെച്ചാരാലുയർന്നിതാ
ലാലസിക്കുന്നു 'കിഴക്കൻ കൊടുമുടി'
പാരം നിശ്ശബ്ദമായ് നിശ്ചലമായിതാ
പാറപ്പടപ്പിനിടയ്ക്കൊരു ഗഹ്വരം!
നിർമ്മിതമല്ല, ശിലാശില്പചാതുര്യ-
മമ്മപ്രകാശകമല്ലയിക്കന്ദരം.
നിഹരതമാണിതെപ്പോഴും പ്രകൃത്യംബ
തന്നിടും മേചകമേഘമേലാപ്പിനാൽ!
കഷ്ടമെൻ ജീവിതത്തിന്മേൽ തുടർച്ചയാ-
യററമില്ലാതുള്ള രൂപാന്തരങ്ങളെ
എത്തിച്ചിടുന്ന ദശകളേ, ചൊൽകെന്തു
വസ്തുക്കളാണയേ നിങ്ങളൃതുക്കളേ?
എന്നും വസിപ്പേൻ വസന്തഹേമന്തങ്ങൾ
ചുമ്മാതെ വന്നുപോമിക്കന്ദരത്തിൽ ഞാൻ!

—താ‌ഓ—യ്യൂൺ.

കപ്പലിൽ

പഴുതൊന്നുമില്ലാതൊരായിരമടിപൊങ്ങി-
പ്പരിലസിച്ചീടുന്ന പാറകളേ!
ഒരു കൊച്ചുതിരപോലുമിളകീടാതങ്ങനെ
മരുവുമസീമജലാശയമേ!
കലരാതെ കരിനിഴൽപ്പൊടിപോലുമെന്നെന്നും
വെള്ളവെള്ളെ മിന്നും മണൽപ്പുറമേ!
മഴയത്തും വെയിലത്തുമൊരുമാററമില്ലാത്ത
മരതകപ്പച്ചപ്പയിനുകളേ!
ഒരു തടവില്ലാതിരച്ചാർത്തു തെരുതെരെ
തിരതല്ലിപ്പായുന്നൊരരുവികളേ!
ശതവർഷശതയുഗകാലമായ് തങ്ങൾതൻ
ശപഥങ്ങൾ കാക്കുന്ന വിടപികളേ!
നിരുപിച്ചിരിക്കാതെ നിമിഷത്തിൽ നിങ്ങളി-
ന്നൊരുപാന്ഥഹൃത്തിലെ വേദനയെ,
കഴുകിക്കളഞ്ഞെതടുപ്പിച്ചിതൊരു പുത്തൻ
കവിതയെഴുതാൻ തൻതൂലികയെ!

— ചാൻ ഫാങ്ങ് ഷെൻങ്ങ്.

ഒരു വിലാപം

[ബി. സി 110-നോടടുപ്പിച്ചു രാഷ്ട്രീയമായ ചില കാരണങ്ങളാൽ മദ്ധ്യേഷ്യയിൽ വൂസുൺകാരുടെ രാജാവായ കൺമൊ എന്ന Nomad രാജാവിന്റെ ഭാര്യയാകുവാൻവേണ്ടി ഫ് സി-ച്യൂൺ എന്ന ഒരു ചൈനീസ് രാജകുമാരി അയയ്ക്കപ്പെട്ടു. അവൾ അവിടെച്ചെന്നപ്പോൾ തന്റെ ഭർത്താവായി വൃദ്ധനും ചാവാചിയുമായ ഒരാളെയാണു് അവിടെ കണ്ടതു്. അയാൾ കൊല്ലത്തിൽ ഒന്നോ രണ്ടോ പ്രാവശ്യം, അവർ ഒന്നിച്ചിരുന്നു് ഒരു കോപ്പ വൈൻ കുടിച്ചപ്പോൾ മാത്രമേ അവളെ കണ്ടിരുന്നുള്ളൂ. അവർക്കു തമ്മിൽ പൊതുവായി ഒരു ഭാഷ ഇല്ലാതിരുന്നതിനാൽ അവർക്ക് അന്യോന്യം സംഭാഷണം നടത്താൻ സാധിച്ചിരുന്നില്ല.]

മന്നിലകന്നൊരിക്കോണിലെൻ ബന്ധുക്ക-
ളെന്നെപ്പരിണയംചെയ്തു നൽകി.
കേട്ടിട്ടില്ലാത്ത വിചിത്രമായുള്ളൊരു
കാട്ടിലേയ്ക്കെന്നെപ്പറഞ്ഞയച്ചു.
ഹാ, കഷ്ടം, 'വൂസുൺ'കാർ തൻ നൃപനായിട്ടു-
മേകനായ് തീറുകൊടുത്തിതെന്നെ.

...VIRUL ISLAM HIGH SCHOOL
Date.....................
ERNAKULAM

കേവലമിന്നൊരു കൂടാരം മാത്രമാ-
ണാവസിയ്ക്കാനെനിക്കുള്ള ഗേഹം.
ചർമ്മച്ചുരുളിനാലാണിച്ചുരുളുകൾ
നിർമ്മിച്ചിട്ടുള്ളതെൻ പുറവുപാടം
കഷ്ടം, കുടിക്കുവാനശ്വത്തിൻ ദുഗ്ദ്ധമാ-
ണഷ്ടിക്കോ, ഹാ, വെറും പച്ചമാംസം.
ജന്മദേശത്തെയോർത്തപ്പൊഴുമീവിധ-
മെന്മനം നോവുന്നിതെന്തുചെയ്യാം!
മന്മനം നീറുന്നു! —ഹാ കഷ്ടം ഞാനൊരു
മഞ്ഞക്കിളിയായി മാറിയെങ്കിൽ
പക്ഷപുടങ്ങളടിച്ചടിച്ചെൻവീട്ടി-
ലിക്ഷണമെത്താൻ കഴിഞ്ഞുവെങ്കിൽ!

[illegible]

ചങ്ങമ്പുഴയുടെ കൃതികൾ.

1.	രമണൻ	1	8	0
2.	ദേവഗീത	2	0	0
3.	സ്പന്ദിക്കുന്ന അസ്ഥിമാടം	2	0	0
4.	അപരാധികൾ	1	0	0
5.	ദിവ്യഗീതം	1	8	0
6.	ഓണപ്പൂക്കൾ	1	0	0
7.	ബാഷ്പാഞ്ജലി	1	8	0
8.	രക്തപുഷ്പങ്ങൾ	1	4	0
9.	സങ്കല്പകാന്തി	1	4	0
10.	ആകാശഗംഗ	1	0	0
11.	കളിത്തോഴി	2	8	0
12.	വത്സല	0	8	0
13.	ആരാധകൻ	0	8	0
14.	മോഹിനി	0	8	0
15.	ദേവത	0	8	0
16.	തിലോത്തമ	0	8	0
17.	കലാകേളി	0	12	0
18.	ശ്രീതിലകം	1	0	0
19.	ചൂഡാമണി	1	0	0
20.	കരടി	0	8	0
21.	വിവാഹാലോചന	0	8	0
22.	അനശ്വരഗാനം	0	8	0
23.	യവനിക	1	8	0
24.	ഹേമന്തചന്ദ്രിക	1	8	0
25.	സാഹിത്യചിന്തകൾ	1	0	0
26.	പ്രതികാരദുർഗ്ഗ	2	8	0
27.	പെല്ലീസും മെലിസാന്ദയും	1	8	0
28.	മാനസാന്തരം	1	8	0
29.	ദേവയാനി	0	8	0
30.	നിർവൃതി	0	8	0
31.	മൗനഗാനം	1	0	0
32.	നവഭാവന (ശ്രീദേവി ചങ്ങമ്പുഴ)	0	8	0
33.	കല്ലോലമാല	1	4	0
34	നിർവ്വാണമണ്ഡലം	0	12	0
35.	അസ്ഥിയുടെ പൂക്കൾ	0	12	0
36.	ഇടപ്പള്ളി രാഘവൻപിള്ളയുടെ എല്ലാ കൃതികളും കൂടി ഒരു വാല്യത്തിൽ	5	0	0

മംഗളോദയം ലിമിററഡ്, തൃശ്ശിവപേരൂർ.



മഞ്ഞക്കിളികൾ

ചങ്ങമ്പുഴ